# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 506 — 27/02/2018-ൽ മറുപടിക്ക്

## വനമേഖലയിലൂടെയുള്ള വൈദ്യുത ലൈനുകൾക്കുള്ള അനുമതി

| | ചോദ്യം<br>ശ്രീ.ഡി.കെ. മുരളി | | ഉത്തരം<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | വാമനപുരം നിയോജകമണ്ഡലത്തിലെ വനമേഖലയിലൂടെ വൈദ്യുത ലൈനുകൾ വലിക്കുന്നതിന് വനം വകുപ്പിൽ നിന്നും അനുമതി ലഭിക്കാത്തതു കാരണം വീടുകളിൽ വൈദ്യുതി കണക്ഷൻ നൽകാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) & (ബി), (സി) | വാമനപുരം നിയോജക മണ്ഡലത്തിലെ പാലോട്, പെരിങ്ങമല, കല്ലറ കെ.എസ്.ഇ.ബി സെക്ഷനുകളിലെ 12 വീടുകൾക്ക് വനം അനുമതി ലഭിക്കാത്തതിനാൽ കണക്ഷൻ ലഭിക്കാനുണ്ട്. വനം അനുമതിക്കായി അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭ്യമാകുന്ന മുറക്ക് കണക്ഷനുകൾ നൽകുന്നതാണ്. വനം അനുമതി വനസംരക്ഷണ നിയമം അനുശാസിക്കുന്ന നടപടി ക്രമമനുസരിച്ചു മാത്രമേ ലഭ്യമാവുകയുള്ളൂ. ഇക്കാര്യത്തിൽ വനം വകുപ്പും വൈദ്യുതി വകുപ്പും പരമാവധി സഹകരിച്ചു പ്രവർത്തിച്ചുവരുന്നു. |
| (ബി) | ഇത് പരിഹരിക്കുന്നതിന് എന്തു നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; | | |
| (സി) | ഇത്തരത്തിലുള്ള പരാതികളും പ്രശ്നങ്ങളും പരിഹരിക്കുന്നതിന് വനം വകുപ്പും വൈദ്യുതി വകുപ്പും ഒത്തു ചേർന്നുള്ള പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കുമോ ? | | |

സെക്ഷൻ ഓഫീസർ